# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 656      01/12/2015-ൽ മറുപടിയ്ക്ക്

### ആദിവാസി ക്ഷേമപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിനുവേണ്ടി അനുവദിച്ച തുക പൂർണ്ണമായും ഫലപ്രദമായും ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | (ബി)<br>&<br>(സി) | പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിയ്ക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകുപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി |
| (സി) | തുക പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക കാര്യക്ഷമതയോടു കൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർ-ദ്ദേശം യഥാസമയം തന്നെ നല്കുന്നുണ്ട്.<br><br>പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ചെലവഴിക്കുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്ഥലം എം.എൽ.എ ചെയർമാനായും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തി വരുന്നത്.<br><br>പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ പട്ടികവർഗ്ഗവികസന വകുപ്പിലെ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സംഘം എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ ചെയർമാനായും കൺവീനറായും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി പദ്ധതി വിനിയോഗം വിലയിരു ത്തുന്നുണ്ട്. കൂടാതെ സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.<br><br>ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്